**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5948** **25-03-2025 - ൽ മറുപടിയ്ക്ക്**

**വടകര താലൂക്കിലെ പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ** | | **ശ്രീ . കെ . കൃഷ്ണൻകുട്ടി<br>(വൈദ്യുതി വകുപ്പ് മന്ത്രി)** | |
| (എ) | വടകര താലൂക്കിലെ പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം സംബന്ധിച്ച 2021 ജൂൺ മാസം മുതൽ നാളിതുവരെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; | (എ) | വടകര താലൂക്കിൽ 2021 ജൂൺ മാസം മുതൽ 19.03.2025 വരെ കെ. എസ്. ഇ. ബി. എൽ. മുഖേനയുള്ള പുരപ്പുറ സൗരോർജ്ജ ഉത്പാദനം 25.55 മില്യൺ യൂണിറ്റ്സാണ്.<br><br>വടകര താലൂക്കിൽ അനെർട്ട് മുഖേന ഡെപോസിറ്റ് പ്രവൃത്തിയായി നടപ്പിലാക്കിയ സൗരോർജ്ജ പ്ലാന്റുകളുടെ വിശദാംശം **അനുബന്ധമായി** ചേർക്കുന്നു. |
| (ബി) | പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി വകുപ്പ് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ? | (ബി) | പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉത്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി, പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാൻ സബ്സിഡി നൽകുന്നുണ്ട്. 1 kW സിസ്റ്റത്തിന് 30,000/- രൂപയും, 2 kW സിസ്റ്റങ്ങൾക്ക് 60,000/- രൂപയും, 3 kW അല്ലെങ്കിൽ ഉയർന്ന സിസ്റ്റങ്ങൾക്ക് 78,000/- രൂപയുമാണ് സബ്സിഡിയായി നൽകി വരുന്നത്. കൂടാതെ ജനങ്ങൾക്കിടയിൽ സൗരോർജ്ജ വൈദ്യുതിയുടെ അവബോധം സൃഷ്ടിക്കുന്നതിനായി പ്രചാരണ പരിപാടികൾ, എക്സിബിഷനുകൾ എന്നിവ സംഘടിപ്പിച്ചു വരുന്നു. പുരപ്പുറ സോളാർ പദ്ധതി വ്യാപിപ്പിക്കുവാനായി 19.03.2025 വരെ സംസ്ഥാനത്തു 1,062 ഡെവലപ്പർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ ബാങ്കുകളിൽ നിന്നും ഈടില്ലാതെ പുരപ്പുറ സോളാർ പ്ലാന്റുകൾ സ്ഥാപിക്കുവാനായി വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു. പദ്ധതി നടത്തിപ്പിൽ ഉൾപെട്ടിട്ടുള്ള സെക്ഷൻ ഓഫീസ്, അസിസ്റ്റന്റ് എൻജിനീയർമാരുടെയും ഡെവലപ്പർമാരുടെയും കാര്യക്ഷമത വർദ്ധിപ്പി ക്കുന്നതിനായി നാഷണൽ പവർ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് പരിശീലനം നൽകി വരുന്നു. കൂടാതെ ഇപ്പോൾ കൺസ്യൂമേഴ്സിന് രജിസ്ട്രേഷൻ നടപടികൾ ലളിതമാക്കികൊണ്ടു കേന്ദ്ര |

| | | | |
|---|---|---|---|
| | | | നവ പുനരുപയോഗ ഊർജ്ജ മന്ത്രാലയം (MNRE) രജിസ്ട്രേഷൻ പോർട്ടൽ 2.0 അവതരിപ്പിച്ചിട്ടുണ്ട്.<br><br>പുരപ്പുറ സൗരോർജ്ജ വൈദ്യുതി ഉല്പാദനം പ്രോത്സാഹിപ്പിക്കുന്നതിനായി അനെർട്ട് മുഖേന താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നു.<br><br>സർക്കാർ/ പൊതുസ്ഥാപനങ്ങളിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി ഡെപ്പോസിറ്റ് പ്രവൃത്തിയായി അനെർട്ട് നടപ്പിലാക്കുന്നു.<br><br>റിന്യൂവബിൾ എനർജി സേവന ദാതാക്കൾ മുഖേന സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുകയും, ഒരു നിശ്ചിത നിരക്കിൽ സ്ഥാപനങ്ങൾക്ക് വൈദ്യുതി ലഭ്യമാക്കുകയും ചെയ്യുന്ന പദ്ധതിയാണ് **റെസ്കോ (RESCO) മോഡൽ** പദ്ധതി. സർക്കാർ സ്ഥാപനങ്ങളിൽ അനെർട്ട് **RESCO** ആയി സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കുന്നു.<br><br>ഗാർഹിക സൗരോർജ്ജ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന കേന്ദ്ര പദ്ധതി ആയ 'പി.എം. സൂര്യ ഘർ' പ്രചരിപ്പിക്കുന്നു.<br><br>സർക്കാർ ഫണ്ട് ഉപയോഗിച്ച് സൗജന്യമായി ലൈഫ് മിഷൻ/BPL/ പുനർഗേഹം വീടുകളിൽ 2 kW വീതം ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതിയുടെ ഭാഗമായി സൗജന്യമായി ഗുണഭോക്താക്കൾക്ക് ഇൻഡക്ഷൻ കുക്കറും നൽകുന്നു. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

| Sl. No. | SITE NAME | PLANT CAPACITY/ Type of Power Plant |
|---|---|---|
| 1 | GUP School, Onchiyam | 4 kWp /On-Grid |
| 2 | Maniyur Grama Panchayath | 40 kWp / On-Grid |
| 3 | Community Health Centre,Thiruvaloor | 10 kWp / Hybrid |
| 4 | Family Health Centre,Tuneri | 15 Kwp / On-Grid |
| 5 | Vadakkara Block Panchayath | 3 Kwp / Off-Grid |
| 6 | Family Health Centre, Chekkiad | 3 kWp/ On-Grid |
| 7 | Kuttiyadi Irrigation Office, Peruvannamuzhi | 2 kWp/ Off-Grid |

സെക്ഷൻ ഓഫീസർ